പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1867 — 08.06.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്ക് കൺസോർഷ്യം മുഖേന കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടത്തുന്നതിലൂടെ സർക്കാരിനോ കെ.എസ്.ആർ.ടി.സി.യ്ക്കോ നേരത്തേ ഉണ്ടായിരുന്നതിൽ നിന്നും വ്യത്യസ്തമായി എന്തെങ്കിലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നുണ്ടോ; | (എ) യും (ബി) യും | ഉണ്ട്. സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേന 2018 ജൂലൈ മാസം വരെയുള്ള കെ.എസ്.ആർ.ടി.സി. പെൻഷനാണ് വിതരണം ചെയ്യുവാൻ തീരുമാനിച്ചിട്ടുള്ളത്. ഈ ഇനത്തിൽ കൺസോർഷ്യത്തിന് ചെലവാകുന്ന തുക, സർക്കാർ കെ.എസ്.ആർ.ടി.സി.യ്ക്ക് 2018-19 സാമ്പത്തിക വർഷം പ്രഖ്യാപിച്ചിട്ടുള്ള 1000 കോടി രൂപയിൽ നിന്നും 10% പലിശ സഹിതം കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കുന്നതാണ്. ഇപ്രകാരം പലിശ ഇനത്തിൽ അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകുന്നുണ്ട്. ജൂലൈ 2018 വരെയുള്ള പെൻഷൻ വിതരണം പൂർണ്ണമാകുന്ന മുറയ്ക്ക് അധിക സാമ്പത്തിക ബാദ്ധ്യതാ തുക കണക്കാക്കുന്നതാണ്. |
| (ബി) | എങ്കിൽ എന്ത് തുകയ്ക്ക്; ആർക്കൊക്കെ; ഏതെല്ലാം വിധത്തിൽ; ഇതിന്റെ പൂർണ്ണവിവരം വിശദമാക്കുമോ; | | |
| (സി) | കൂടിയ പലിശ ബാധ്യതയിൽ നിന്ന് കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കാനെന്ന പേരിൽ ഈ സർക്കാർ നടപ്പിലാക്കിയ പുതിയ പെൻഷൻ പദ്ധതി ആത്യന്തികമായി സ്ഥാപനത്തിന് പ്രതിമാസം എന്ത് തുകയുടെ ലാഭം നേടിത്തരുന്നുണ്ട് എന്ന് വ്യക്തമാക്കുമോ? | (സി) | സഹകരണ ബാങ്കുകളുടെ കൺസോർഷ്യം മുഖേനയുള്ള കെ.എസ്.ആർ.ടി.സി. പെൻഷൻ വിതരണം നടപ്പിലാക്കിയത് കൂടിയ പലിശ ബാദ്ധ്യതയിൽ നിന്നും കെ.എസ്.ആർ.ടി.സി.യെ രക്ഷിക്കുവാനല്ല, മറിച്ച് സാമ്പത്തിക പ്രതിസന്ധി മൂലം പെൻഷൻ വിതരണം മുടങ്ങുന്നത് ഒഴിവാക്കുവാനാണ്. ഇത് മൂലം പെൻഷൻ വിതരണത്തിനായി പ്രതിമാസം ഏകദേശം 60 കോടി രൂപ കെ.എസ്.ആർ.ടി.സി. കണ്ടെത്തേണ്ട അവസ്ഥ തൽക്കാലം ഒഴിവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ